SUNDAY 10/08/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/08/2025

1. കർഷകശ്രീയും വെള്ളനാട് മിത്രനികേതനും ചേർന്ന് ഓഗസ്റ്റ് 17 ന് (ചിങ്ങം 1) കർഷക ദിനത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നു. പോഷകസമ്പന്നവും മൂല്യവർധിതവുമായ ഭക്ഷണങ്ങൾ തയാറാക്കുന്ന സാങ്കേതിക രീതികൾ പ്രായോഗികമായി പകർന്നു നൽകാനാണ് ശിൽപശാല സംഘടിപ്പിച്ചിരിക്കുന്നത്. മേഖലയിലെ വിദഗ്ധർ ശിൽപശാല നയിക്കും. പോഷകാഹാരം, പോഷകസമ്പന്നമായ പൊതിച്ചോറ് തുടങ്ങിയവ തയ്യാറാക്കാനുള്ള രീതികളും ശില്പശാലയുടെ ഭാഗമാണ്. കൂടാതെ മില്ലറ്റ് പായസ മത്സരവും സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 17ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ മിത്രനികേതൻ – സിറ്റി സെൻ്ററർ, പടിഞ്ഞാറേകോട്ടയിൽ നടത്തുന്ന ശിൽപശാലയിൽ പങ്കെടുക്കാൻ 7012859558 അല്ലെങ്കിൽ 9446701529 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക. റജിസ്ട്രേഷൻ ഫീസ് 250 രൂപ. പങ്കെടുക്കുന്നവർക്ക് ഒരു വർഷത്തേക്കുള്ള കർഷകശ്രീ മാസികയും പ്രത്യേക സമ്മാനങ്ങളും സൗജന്യമായി ലഭിക്കും .

2. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കരയിലുള്ള ബയോടെക്നോളജിഡിപ്പാർട്മെന്റിൽ ടിഷ്യുകൾച്ചർ റോബസ്റ്റ് വാഴതൈകൾ 20 രൂപ നിരക്കിലും (Rs. 20/-) നല്ലയിനം ടിഷ്യുകൾച്ചർ ഇഞ്ചിതൈകൾ 5 രൂപ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിരക്കിലും (Rs. 5/-) വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **9048178101.**

3. വിഴിഞ്ഞം കൃഷി ഭവനിൽ ഗുണമേന്മയുള്ള ഗ്രാഫ്റ്റ് കശുമാവിൻ തൈകൾ വിതരണത്തിനായി എത്തി. മിനിമം 10 സെന്റ് ഭൂമി ഉള്ളവർ കരം അടച്ച രസീത്, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുകളുമായി ഈ മാസം 8ന് (8/08/2025) വൈകിട്ട് 5 മണിക്ക് മുൻപ് എത്തണമെന്ന കൃഷി ഓഫിസർ അറിയിച്ചു.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ, വെള്ളാനിക്കര ഫലവർഗ്ഗവിള ഗവേഷണ കേന്ദ്രത്തിൽ ഫലവർഗ്ഗ നടീൽവസ്തുക്കൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. സപ്പോട്ട, പേര, പ്ലാവ് ബഡ്, ചാമ്പ ലയർ, കുരുമുളക്, മാവ്ഗ്രാഫ്റ്റ്, കുടംപുളി, നാരകം, അത്തിപ്പഴം, മിറാക്കിൾഫ്രൂട്ട്, കൊക്കോ, പ്ലം, വെസ്റ്റ് ഇന്ത്യൻ ചെറി, ബറാബ, കറിവേപ്പ്, സീതാപഴം, പപ്പായ തൈകൾ, ഡ്രാഗൺ ഫ്രൂട്ട് കട്ടിംഗ്സ് എന്നീ നടീൽ വസ്തുക്കൾ ലഭ്യമാണ്. ആവശ്യമുള്ളവർ 0487 2373242 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**പരിശീലന പരിപാടി**

1. **"പച്ചക്കറികളിലെ കീട - രോഗ നിയന്ത്രണം"** എന്ന വിഷയത്തിൽ 14/08/2025 (വ്യാഴം) ന്, സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (കെയ്റ്റ്), വെള്ളായണി കാർഷിക

കോളേജിൽ വെച്ച് ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"വീട്ടുവളപ്പിലെ പച്ചക്കറി കൃഷി"** എന്ന വിഷയത്തില് 2025 ആഗസ്റ്റ് 13ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ "കേക്ക് നിർമ്മാണം" എന്ന വിഷയത്തിൽ മണ്ണുത്തിയിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ വെച്ച് 12.08.2025 തീയതിയിൽ ഒരു പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കേക്ക് എങ്ങനെ ഉണ്ടാക്കാം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് ₹750/- രൂപ. താഴെ പറയുന്ന ഫോൺ നമ്പറിൽ 11 ആഗസ്റ്റ് 2025-നു മുമ്പായി ബന്ധപ്പെടുക- ഫോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പർ : 0487-2370773, 8547070773. വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ആട്ടുവളർത്തൽ** – ശാസ്ത്രീയ പരിപാലന മുറകൾ" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 12ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

## കാർഷിക നിർദേശം

1. മഴക്കാലത്ത്, ജാതിയിൽ കായ് അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി 1 മുതൽ 2 കിലോഗ്രാം ട്രൈക്കോഡർമ്മ, 90 കിലോഗ്രാം ചാണകപ്പൊടിയും, 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ട് കൊടുക്കുക. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം